# 2025-2026 വർഷത്തെ കുടുംബ ശുശ്രൂഷ വാർഷിക റിപ്പോർട്ട് മരിയനാട് ഇടവക

മരിയനാട് ഇടവകയിലെ കുടുംബങ്ങളെ ക്രൈസ്തവ മൂല്യങ്ങളാൽ ശക്തിപ്പെടുത്തുകയും, വിശ്വാസ പരമ്പര്യത്തിൽ ഉറച്ചു നിർത്തുകയും ചെയ്യുക എന്ന മഹത്തായ ലക്ഷത്തോടെ കുടുംബ ശുശ്രൂഷ സമിതി സജീവമായി പ്രവർത്തിക്കുന്നു. കുടുംബങ്ങൾ ആത്മീയമായും, സാമൂഹികമായും വളരുന്നതിനും ഗാർഹിക സഭയായി രൂപപ്പെടാൻ സഹായിക്കുന്നതിൽ ഈ ശുശ്രൂഷ നിർണായക പങ്കുവഹിച്ചു.

ശുശ്രൂഷ ഘടന

കൺവീനർ : ശ്രീമതി. സിബിൾ വിക്ടർ

സെക്രട്ടറി : ശ്രീമതി. സുജിത

എക്സിക്യൂട്ടീവ് അംഗങ്ങൾ

പനിയമ്മ, ഷെർളി, പ്രീതി, റെഞ്ചീസ് മേരി, ശുഭ അരുൾദാസ്, ജോണി, ഡെലീഷ, ഐറ്റ

പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും

കുടുംബ ശാക്തീകരണമാണ് ഈ ശുശ്രൂഷയുടെ മുഖ്യ ഭൗത്യം. അതിന്റെ ഭാഗമായി വിവിധ ആത്മീയ സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

1. കുടുംബ ശാക്തീകരണ പ്രവർത്തനങ്ങൾ

വിവാഹത്തിനുള്ള തയ്യാറെടുപ്പിനായി ക്ലാസുകൾ, കുടുംബ പ്രശ്നങ്ങൾ നേരിടുന്നവർക്കായി കൗൺസിലിംഗ്, ധ്യാനങ്ങൾ, തർക്കപരിഹാരം പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിൽ മുടക്കം വരുത്തിയില്ല. ഇതിലൂടെ കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും സമാധാനവും വളർത്തുവാൻ സാധിച്ചു.

2. രോഗികളും കിടപ്പുരോഗികളും

ഓരോ മാസവും ആദ്യ വെള്ളിയാഴ്ച കിടപ്പുരോഗികൾക്ക് അവരുടെ ഭവനങ്ങളിൽ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കി. ശുശ്രൂഷ സമിതി അംഗങ്ങൾ സ്ഥിരമായി രോഗികളെ സന്ദർശിക്കുകയും, ആത്മീയവും, മാസനികവുമായ ആശ്വാസം പകരുകയും ചെയ്തു. കൂടാതെ, ഓരോ മാസവും രണ്ടാം വ്യാഴാഴ്ച്ച വൈകുന്നേരം 5 മണിക്ക് രോഗികൾക്കായി വിശുദ്ധ കുർബാന സംഘടിപ്പിക്കുന്നതിലൂടെ അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റി.

3. വയോധിക ദിനാചരണം

ജൂലൈ 27-ന് വയോധിക ദിനാചരണ ആഘോഷത്തിന്റെ ഭാഗമായി 70 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ സംഗമം സംഘടിപ്പിച്ചു. 215 പേർ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. തുടർന്ന് ഭക്ഷണവും സമ്മാനങ്ങളും

നൽകി ആദരിച്ചു. ഇത് ഇടവകയുടെ സ്നേഹബന്ധത്തിന്റെ മനോഹര പ്രകടനമായി മാറി. ഇടവകയുടെ വളർച്ചയിൽ വയോധികരുടെ പങ്കും അനിവാര്യമാണെന്ന് ഉറപ്പുവരുത്തുന്നതായിരുന്നു ഈ ആഘോഷം.

4. <u>വിവാഹ വാർഷിക സ്മരണ</u>

ഇടവക മധ്യസ്ഥതയുടെ തിരുനാളിനോടനുബന്ധിച്ച് 25 വർഷവും 50 വർഷവും ദാമ്പത്യ ജീവിതം പൂർത്തിയാക്കിയ ദമ്പതികളെ മൊമന്റോ നൽകി ആദരിക്കുകയും ചെയ്തു. കുടുംബജീവിതത്തിന്റെ മൂല്യങ്ങളെ ഉയർത്തിക്കാട്ടുന്ന ഈ പരിപാടി വലിയ പ്രചോദനമായി.

5. <u>കുടുംബ സമാധാന പ്രവർത്തനങ്ങൾ</u>

കുടുംബ സമാധാനമില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അവരെ ധ്യാനങ്ങളിലും കൗൺസിലിംഗിലും പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു.

6. <u>കാരുണ്യ പ്രവർത്തനങ്ങൾ</u>

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് കിടപ്പുരോഗികൾ ക്കും നിർധന കുടുംബങ്ങൾക്കും സഹായ കിറ്റുകൾ ഭവനങ്ങളിൽ എത്തിച്ചു നൽകി. കൂടാതെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ധനസഹായം നൽകി.

7. <u>വിശ്വാസ വളർച്ച പ്രവർത്തനങ്ങൾ</u>

ഇടവകയിൽ നടത്തിയ വിശുദ്ധ ബൈബിൾ എഴുത്ത് ശുശ്രൂഷയിൽ കുടുംബ ശുശ്രൂഷയിലെ 28 അംഗങ്ങൾ സജീവമായി പങ്കെടുത്തു. എല്ലാ ഭവനങ്ങളിലും കുടുംബ പ്രാർത്ഥന നടക്കുന്നതിനായി പ്രോത്സാഹനം നൽകി.

8. <u>പ്രത്യേക സാമൂഹിക ഇടപെടലുകൾ</u>

ഫൊറോനതലത്തിൽ 60 വയസ്സിന് താഴെയുള്ള 20 വിധവകളെ അവരുടെ സംഗമത്തിൽ പങ്കെടുപ്പിച്ചു. കൂടാതെ നാലോ അതിൽ കൂടുതലോ മക്കളുള്ള കുടുംബങ്ങളെ കണ്ടെത്തി രൂപതയിലെ ജ്ഞാനസ്നാന കർമ്മത്തിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

<u>ഉപസംഹാരം</u>

കുടുംബ ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ മരിയനാട് ഇടവകയിലെ കുടുംബങ്ങളിൽ ആത്മീയ പുതുജീവനും പരസ്പര സ്നേഹവും വളർത്തുന്നതിൽ വലിയ പങ്കുവഹിച്ചു. ദൈവകൃപയും ഇടവകയുടെ സഹകരണവും കൊണ്ട് ഈ ശുശ്രൂഷ കൂടുതൽ ഫലപ്രദമായി മുന്നോട്ട് പോകുമെന്ന് പ്രത്യാശിക്കുന്നു. കുടുംബം ഗാർഹിക സഭയാണ് എന്ന സത്യത്തെ മുൻനിർത്തി. ഇടവകയിലെ എല്ലാ കുടുംബങ്ങളും ദൈവസന്നിധിയിൽ കൂടുതൽ ശക്തമായി വളരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.